**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 77** **30-06-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കാലാവസ്ഥ വ്യതിയാനവും മത്സ്യത്തിന്റെ ലഭ്യതക്കുറവും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഗുരുതരമായ പ്രതിസന്ധിയിലാക്കിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഉണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന് പുറമേ അശാസ്ത്രീയ മത്സ്യബന്ധനവും മത്സ്യശോഷണത്തിന് കാരണമായിട്ടുണ്ട്. കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം കാലോചിതമായി പരിഷ്കരിച്ച് അശാസ്ത്രീയമായ മത്സ്യബന്ധന മാർഗ്ഗങ്ങൾ നിരോധിച്ചും നിയന്ത്രിച്ചും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാൻ ഉതകുന്ന നടപടികൾ എടുത്തുവരുന്നു. മത്സ്യവിഭവ പരിപാലനത്തിന് മത്സ്യത്തൊഴിലാളികളുടെ കൂടി പങ്കാളിത്തം ഉറപ്പാക്കിയിട്ടുള്ള പ്രാദേശിക സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു.<br><br>തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.യ്ക്ക് മുകളിൽ ഇന്ധന ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചു. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നു എന്ന് മനസ്സിലാക്കി കേരളാ തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തു. കൂടാതെ മൺസൂൺ കാലത്തു ട്രോൾബാൻ 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ട്.<br><br>2021-22 സാമ്പത്തിക വർഷം കടൽ മത്സ്യ ഉത്പാദനം 6.02 ലക്ഷം മെട്രിക് ടൺ ആയി |

| | | | |
|---|---|---|---|
| | | | വർധിച്ചിട്ടുണ്ട്. |
| (ബി) | മണ്ണെണ്ണ വില ക്രമാതീതമായി ഉയരുന്നതും ഇന്ധന വില ഉയർന്ന് നിൽക്കുന്നതും മത്സ്യത്തൊഴിലാളികളുടെ ജീവിതം കൂടുതൽ പ്രതിസന്ധിലാക്കിയിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. മണ്ണെണ്ണയുടെയും ഡീസലിന്റെയും വിലവർദ്ധനവ് സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| (സി) | മത്സ്യത്തൊഴിലാളികൾ കടുത്ത പ്രതിസന്ധി നേരിടുന്ന ഈ കാലഘട്ടത്തിൽ ധനകാര്യ വകുപ്പുമായി ചേർന്ന് ബോട്ടുകളിൽ ആവശ്യമായ ഇന്ധനത്തിന് സംസ്ഥാന നികുതിയിൽ ഇളവ് ലഭ്യമാക്കാൻ വകുപ്പ് മുൻകൈയെടുക്കുമോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (സി) | ബോട്ടുകളിൽ ആവശ്യമായ ഇന്ധനത്തിന് നികുതി ഇളവ് നൽകുന്നകാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻ ക്ഷമതയുടെ അടിസ്ഥാനത്തിൽ മത്സ്യഫെഡ് മുഖേന നിശ്ചിത അളവ് മണ്ണെണ്ണ ലിറ്ററിന് 25 രൂപ സംസ്ഥാന സർക്കാർ സബ്സിഡിയോടെ നൽകി വരുന്നു. കൂടാതെ സബ്സിഡി രഹിത മണ്ണെണ്ണ കൂടുതൽ അളവിൽ ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ